പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6300 — 07.11.2016 ൽ മറുപടിക്ക്

## യാത്രാബോട്ടുകളുടെ അറ്റകുറ്റപ്പണി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം. മുകേഷ് | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ മന്ത്രി) |
| (എ) ജലഗതാഗത വകുപ്പിന്റെ യാത്രാ ബോട്ടുകൾ അറ്റകുറ്റപ്പണികൾക്കായി കാത്തുകിടക്കേണ്ടി വരുന്നതിനാൽ സർവീസുകൾ മിക്കപ്പോഴും മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറ്റകുറ്റപ്പണികൾ യഥാസമയം പൂർത്തിയാക്കി സർവീസുകൾ മുടങ്ങാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിന് പര്യാപ്തമായ യാർഡുകളും അനുബന്ധ സൗകര്യങ്ങളും ഇല്ലായെന്നതായിരുന്നു മുൻ കാലങ്ങളിൽ നേരിട്ടിരുന്ന പ്രധാന വെല്ലുവിളി. ഇതുമൂലം ബോട്ടുകൾ അറ്റകുറ്റപ്പണികൾക്കായി കാത്തുകിടക്കേണ്ടി വരികയും ചില സന്ദർഭങ്ങളിൽ സർവ്വീസുകൾ മുടങ്ങുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ/പരാതികൾ എന്നിവ പരിഹരിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴയിലെ പോഞ്ഞിക്കരയിൽ 4 ബോട്ടുകൾ ഒരേസമയം മേജർ റിപ്പയർ ചെയ്യാവുന്ന വിധത്തിലുള്ള ഡ്രൈ ഡോക്കും നാല് ബോട്ടുകൾ കയറ്റാവുന്ന സ്ലിപ് വേയും നിർമ്മിക്കുകയുണ്ടായി. ടി യാർഡുകളിൽ നിലവിൽ ബോട്ടു കളുടെ അറ്റകുറ്റപ്പണികൾ കാര്യക്ഷമമായി നടത്തിവരുന്നു. നിലവിലുള്ള ജീവനക്കാർക്കു പുറമേ റിപ്പയർ വിഭാഗത്തിൽ സർക്കാർ പുതുതായി അനുവദിച്ച 20 തസ്തികകൾ കൂടി പ്രയോജനപ്പെടുത്തി ബോട്ടുകളുടെ പരിശോധനകളും അറ്റകുറ്റപ്പണികളും കൃത്യമായി നടത്തി കാര്യക്ഷമമായ |

സർവ്വീസ് നൽകി വരുന്നു. എറണാകുളം മേഖലയിലെ ബോട്ടു കളുടെ അറ്റകുറ്റപണികൾക്കായി എറണാകുളം തേവരയിലെ മൈനർ റിപ്പയർ യാർഡിന്റെ സേവനവും പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ മേഖലയിലെ ബോട്ടുകളുടെ അറ്റകുറ്റപണികൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്വന്തമായി ഒരു സ്ലിപ് വേ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. സ്വന്തം നിലയിൽ ബോട്ടുകളുടെ അറ്റകുറ്റപണികൾ നടത്തു വാൻ പ്രാപ്തമായതോടെ ബോട്ടുകൾ യഥാസമയം കാര്യക്ഷമമായി റിപ്പയർ ചെയ്യുന്നതിനും പരാതികൾ പരിഹരിച്ച് കൃത്യമായി സർവ്വീസ് നടത്തുന്നതിനും സാധിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | അറ്റകുറ്റപ്പണി അടിയന്തരമായി പൂർത്തി യാക്കിയോ പകരം സംവിധാനം ഏർപ്പെടു ത്തിയോ, മുടങ്ങിക്കിടക്കുന്ന കൊല്ലം - സാംബ്രാണിക്കോടി സർവീസ് അടിയന്തര മായി പുനരാരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (ബി) | കൊല്ലം – സാംബ്രാണിക്കോടി സർവ്വീസ് നിലവിൽ പൂർണ്ണമായും പുനരാരംഭിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ